**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 241** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്പെഷ്യൽ അരി വിതരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് നീല - വെള്ള റേഷൻ കാർഡ് ഉടമകൾക്ക് ഉത്സവ ആഘോഷവേളകളിൽ എത്ര തവണ എത്ര കിലോഗ്രാം വീതം സ്പെഷ്യൽ അരി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് NPS കാർഡുടമകൾക്ക് 33 തവണയും, NPNS കാർഡുടമകൾക്ക് 8 തവണയും, NPI കാർഡുടമകൾക്ക് 5 തവണയും സ്പെഷ്യൽ അരി വിതരണം നടത്തിയിട്ടുണ്ട്. ഓരോ തവണയും 2 കിലോഗ്രാം, 3 കിലോഗ്രാം, 4 കിലോഗ്രാം, 5 കിലോഗ്രാം, 10 കിലോഗ്രാം എന്നിങ്ങനെ വ്യത്യസ്ത അളവുകളിലാണ് അരി വിതരണം നടത്തിയിട്ടുള്ളത്.

**(ബി)** പ്രസ്തുത കാർഡ് ഉടമകൾക്ക് ഉത്സവ ആഘോഷവേളകളിൽ ഇപ്രകാരം സ്പെഷ്യൽ അരി നൽകാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** 2026 ജനുവരി മുതൽ ടൈഡ് ഓവർ വിഹിതത്തിൽ കേന്ദ്രസർക്കാർ അനുവദിച്ചുവരുന്ന അരിയുടെ അളവ് 33,294.198 മെട്രിക് ടണ്ണിൽ നിന്ന് 26,835.124 മെട്രിക് ടണ്ണായി കുറഞ്ഞിട്ടുണ്ട്. ആയതിനാൽ, ടൈഡ് ഓവർ വിഭാഗത്തിൽ ഉൾപ്പെട്ട NPS, NPNS, NPI കാർഡുടമകൾ പ്രതിമാസം കൈപ്പറ്റാതെ അവശേഷിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത കണക്കിലെടുത്ത് മാത്രമേ സ്പെഷ്യൽ അരിവിഹിതം അനുവദിക്കാൻ സാധിക്കുകയുള്ളു. നിലവിൽ ജൂൺ, ജൂലൈ മാസങ്ങളിലെ വിഹിതത്തിൽ നിന്ന് NPS, NPNS, NPI കാർഡുടമകൾ കൈപ്പറ്റാതെ അവശേഷിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കണക്കാക്കി, ലഭ്യമാകുന്ന മിച്ച സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ ഓണത്തോടനുബന്ധിച്ച് NPS വിഭാഗത്തിന് സ്പെഷ്യൽ അരിവിഹിതം അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**